# Evacuation of Indians and Afghans under 'Operation Devi Shakti' and shipment of humanitarian assistance for the people of Afghanistan

December 11, 2021

---

**'ഓപ്പറേഷൻ ദേവി ശക്തി'യുടെ കീഴിൽ ഇന്ത്യക്കാരെയും അഫ്ഗാനികളെയും കുടിയൊഴിപ്പിക്കുന്നതും അഫ്ഗാനിസ്ഥാനിലെ ജനങ്ങൾക്കുള്ള മാനുഷിക സഹായ വിതരണവും**

ഡിസംബർ 11, 2021

ഇന്ത്യാ ഗവൺമെന്റ് ചാർട്ടേഡ് ചെയ്ത കാബൂളിൽ നിന്ന് ന്യൂഡൽഹിയിലേക്കുള്ള പ്രത്യേക വിമാനം ഡിസംബർ 10 ന് ന്യൂഡൽഹിയിലെ IGI വിമാനത്താവളത്തിൽ എത്തിച്ചേർന്നു. വിമാനത്തിൽ 10 ഇന്ത്യക്കാരും അഫ്ഗാൻ ന്യൂനപക്ഷ സമുദായ അംഗങ്ങൾ ഉൾപ്പെടെ 94 അഫ്ഗാനികളുമാണ് ഉണ്ടായിരുന്നത്. ന്യൂനപക്ഷ സമുദായാംഗങ്ങൾ ഗുരു ഗ്രന്ഥ സാഹിബിന്റെ 2 സ്വരൂപങ്ങളും ചില പുരാതന ഹിന്ദുലിഖിതങ്ങളും കൊണ്ടുവന്നിരുന്നു.

2. "ഓപ്പറേഷൻ ദേവി ശക്തി" യ്ക്ക് കീഴിൽ,അഫ്ഗാനിസ്ഥാനിൽ നിന്ന് മൊത്തം 669 പേരെ ഒഴിപ്പിച്ചു. ഇതിൽ 448 ഇന്ത്യക്കാരും അഫ്ഗാൻ ഹിന്ദു/സിഖ് ന്യൂനപക്ഷ സമുദായാംഗങ്ങൾ ഉൾപ്പടെ 206 അഫ്ഗാനികളും ഉൾപ്പെടുന്നു. മുൻപ് 2021 ഓഗസ്റ്റ് മാസത്തിൽ അഫ്ഗാനിസ്ഥാനിൽ നിന്നും 438 ഇന്ത്യക്കാർ ഉൾപ്പെടെ 565 പേരെ അവിടെ നിന്ന് ഒഴിപ്പിച്ചിരുന്നു.

3. അഫ്ഗാനിസ്ഥാനിലെ വെല്ലുവിളി നിറഞ്ഞ മാനുഷിക സാഹചര്യം കണക്കിലെടുത്ത്, ഇന്ത്യാ ഗവൺമെന്റ് ഇന്ന് മടക്ക വിമാനത്തിൽ മെഡിക്കൽ സാമഗ്രികൾ അടങ്ങിയ മാനുഷിക സഹായങ്ങളും അയച്ചു. ഈ മരുന്നുകൾ കാബൂളിലെ ലോകാരോഗ്യ സംഘടനയുടെ (ഡബ്ല്യൂഎച്ച്ഒ) പ്രതിനിധികൾക്ക് കൈമാറുകയും കാബൂളിലെ ഇന്ദിരാഗാന്ധി ചിൽഡ്രൻ ഹോസ്പിറ്റലിലേക്ക് നൽകുകയും ചെയ്യും.

**ന്യൂ ഡെൽഹി**
**ഡിസംബർ 11, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.